പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4010 | 11.11.2019 ൽ മറുപടിയ്ക്ക്

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മെഡിക്കൽ ഷോപ്പുകൾ

ചോദ്യം
ശ്രീ.അനൂപ് ജേക്കബ്

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ എത്ര മെഡിക്കൽ ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ 97 മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നു. |
| (ബി) | പ്രസ്തുത മെഡിക്കൽ ഷോപ്പുകളിലെ ആകെ വിറ്റുവരവ് എത്രയാണെന്നും ലാഭത്തിൽ പ്രവർത്തിക്കുന്നവ എത്രയാണെന്നും നഷ്ടത്തിൽ എത്രയെണ്ണം പ്രവർത്തിക്കുന്നുവെന്നും അറിയിക്കുമോ; | (ബി) | സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ 2019 സെപ്റ്റംബർ മാസത്തെ ആകെ വിറ്റുവരവ് 485.87 ലക്ഷം രൂപയാണ്.<br>സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിൽ 31 എണ്ണം ലാഭത്തിലും, 66 എണ്ണം നഷ്ടത്തിലുമാണ് പ്രവർത്തിക്കുന്നത്. |
| (സി) | പ്രസ്തുത മെഡിക്കൽ ഷോപ്പുകൾ വഴി വിൽക്കുന്ന മരുന്നുകൾ സംഭരിക്കുന്നത് എവിടെ നിന്നെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) | സപ്ലൈകോയുടെ മെഡിക്കൽ ഹോൾസെയിൽ ഡിവിഷൻ മുഖാന്തിരം **75** മെഡിക്കൽ കമ്പനികളിൽ നിന്നും ഡിസ്ട്രിബ്യൂട്ടർമാരിൽ നിന്നും ലോക്കൽ പർച്ചേസ് നടത്തിയും മരുന്നുകൾ സംഭരിക്കുന്നു. |

സെക്ഷൻ ഓഫീസർ